പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 641 — 25.05.2017-ൽ മറുപടിയ്ക്ക്

## കേരളാ ബാങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ചിറയം ഗോപകുമാർ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരളാബാങ്ക് എന്ന് നിലവിൽ വരുമെന്ന് അറിയിക്കുമോ; കേരളാ ബാങ്കിന്റെ കാഴ്ചപ്പാട് എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് നിലവിൽ വരുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ വിശദമായി പരിശോധിച്ച ശേഷമേ കേരള സഹകരണ ബാങ്ക് സംബന്ധിച്ച അന്തിമ കാഴ്ചപ്പാട് നിശ്ചയിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത ബാങ്ക് നിലവിൽ വരുന്നതിനായി ഏതെല്ലാം നിയമങ്ങളിലും ചട്ടങ്ങളിലുമാണ് ഭേദഗതി വരുത്തേണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യത്തിൽ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച ശേഷമേ ഏതെല്ലാം നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തണമെന്ന കാര്യത്തിൽ തീരുമാനം എടുക്കുകയുള്ളൂ. |
| (സി) | മറ്റു വാണിജ്യ ബാങ്കുകളെപ്പോലെ എസ്.എം.ഇ ബാങ്കിംഗ്, കോർപ്പറേറ്റ് ബാങ്കിംഗ്, ട്രഷറി മാനേജ്മെന്റ്, ഫോറെക്സ് മാനേജ്മെന്റ് തുടങ്ങിയ ബാങ്കിംഗ് സേവനങ്ങൾ കേരളാ ബാങ്കിൽ ലഭ്യമാകുമോയെന്ന് വ്യക്തമാക്കുമോ; | (സി) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്. |
| (ഡി) | എല്ലാ വിഭാഗം സഹകരണ സംഘങ്ങൾക്കും പ്രസ്തുത ബാങ്കിൽ അംഗത്വം അനുവദിക്കണമെന്ന് കേരളാബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കമ്മിറ്റി 28.04.2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ